വായനാ സംഗമവും വായനോത്സവവും

ചാലക്കുടി: കാർമൽ ഹയർ സെക്കൻഡറി സ്കൂളിൽ വായനോത്സവവും വായന സംഗമവും സംഘടിപ്പിച്ചു. എഴുത്തുകാരനായ സോബിൻ മഴവീട് ഉദ്ഘാടനം ചെയ്തു. റീഡേഴ്സ് റൈറ്റേഴ്സ് ഫോറം ഉദ്ഘാടനവും വിദ്യാർഥികൾ തയ്യാറാക്കിയ കൈയെഴുത്തു മാസികയുടെ പ്രകാശനവും നടന്നു. മലയാള സാഹിത്യത്തിലെ പ്രശസ്തരായ എഴുത്തുകാരുടെ വേഷപ്പകർച്ചയിൽ വിദ്യാർഥികൾ സ്കൂൾ അങ്കണത്തിൽ അണിനിരന്നത് വായനോത്സവത്തിന് മാറ്റുകൂട്ടി. 'വായിച്ച് മാതൃകയാവാം' എന്ന സന്ദേശമുയർത്തി വായന സംഗമവും നടന്നു. 2500ഓളം വിദ്യാർഥികളും അധ്യാപകരും അനധ്യാപകരും വായന സംഗമത്തിന്റെ ഭാഗമായി. വാർഡ് കൗൺസിലർ ബിന്ദു ശശികുമാർ പങ്കെടുത്തു. പരിപാടികളുടെ ഭാഗമായി വിവിധ മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനദാനവും നടത്തി.

ലഹരി വിരുദ്ധ സെമിനാർ

ചാവക്കാട്: മണത്തല ബേബിറോഡ് സരസ്വതി എഎൽപി സ്കൂളിൽ ലഹരി വിരുദ്ധ സെമിനാർ സംഘടിപ്പിച്ചു. സ്കൂൾ അറബിക് അധ്യാപകൻ മുഹമ്മദ് അജ്മൽ ഉദ്ഘാടനം ചെയ്തു. എംപിടിഎ പ്രസിഡന്റ് ദുർഗ അധ്യക്ഷത വഹിച്ചു. കടപ്പുറം പഞ്ചായത്ത് മുനക്കക്കടവ് കോസ്റ്റൽ പൊലീസ് സ്റ്റേഷനിലെ സിപിഒ കെ.എൻ. നിധിൻ ക്ലാസെടുത്തു. സ്കൂൾ പ്രധാനാധ്യാപിക ആർ. വി. ഷെറിൻ, പിടിഎ പ്രസിഡന്റ് മിസ്റിയ എന്നിവർ പങ്കെടുത്തു.

പ്രമേഹ നിർണയ ക്യാംപ്

ഇരിങ്ങാലക്കുട: പി.എൽ. തോമൻ മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റും കൊമ്പൊടിഞ്ഞാമാക്കൽ ലയൺസ് ക്ലബ് ഇന്റർനാഷണലും, ഐ ഫൗണ്ടേഷൻ ആശുപത്രിയും സംയുക്തമായി പ്രമേഹ രോഗ നിർണയ, നേത്ര പരിശോധന, തിമിര ശസ്ത്രക്രിയ ക്യാംപ് പി.എൽ. തോമൻ മെമ്മോറിയൽ ക്ലിനിക്കിൽ 28ന് രാവിലെ 9 മണി മുതൽ ഉച്ചക്ക് 12 മണി വരെ സംഘടിപ്പിക്കും. ലയൺസ് ക്ലബ് ഡിസ്ട്രിക്റ്റ് ക്യാംപ് കോഡിനേറ്റർ ജോൺസൻ കോലങ്കണ്ണി ഉദ്ഘാടനം ചെയ്യും. ക്ലബ് പ്രസിഡന്റ് അഡ്വ. എം. എസ്. രാജേഷ് അധ്യക്ഷത വഹിക്കും. കൂടുതൽ വിവരങ്ങൾക്ക് 9446540890.

പരിശീലന പരിപാടി സമാപിച്ചു

മണ്ണുത്തി: കേരള കാർഷിക സർവകലാശാലയുടെ കോളെജ് ഓഫ് ഫോറസ്ട്രിയിലെ ഫോറസ്റ്റ് പ്രൊഡക്റ്റ്സ് ആൻഡ് യൂട്ടിലൈസേഷൻ വിഭാഗവും കേരള വന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടും സംയുക്തമായി സംഘടിപ്പിച്ച "തേക്കിൻ തടിയുടെ സമഗ്ര വിനിയോഗവും രൂപകൽപനയും എന്ന 10 ദിവസത്തെ പ്രായോഗിക പരിശീലന പരിപാടി സമാപിച്ചു. കെഎഫ്ആർഐയിൽ നടന്ന സമാപന സമ്മേളനത്തിൽ ഡയറക്റ്റർ ഡോ. കണ്ണൻ സി. വാര്യർ മുഖ്യാതിഥിയായി. കോളെജ് ഓഫ് ഫോറസ്ട്രി ഡീൻ ഡോ. വി. ജമാലുദ്ദീൻ അധ്യക്ഷനായി. ഡോ. അനീഷ് എം.സി., ഡോ. സന്ദീപ് എസ്., അസി. പ്രൊഫ. ഡോ. വിഷ്ണു ആർ., ഡോ. പവിൻ പി. സണ്ണി എന്നിവർ പങ്കെടുത്തു. വിദ്യാർഥികൾ, ഗവേഷകർ, കരകൗശല തൊഴിലാളികൾ, സംരംഭകർ, തടിയധിഷ്ഠിത വ്യവസായ മേഖലയിലെ പ്രവർത്തകർ എന്നിവർക്കായാണ് പരിശീലന പരിപാടി നടത്തിയത്. പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകളും തേക്കിൻ തൈകളും വിതരണം ചെയ്തു.

വാഹനാപകടത്തിൽ ഒരാൾക്ക് പരുക്ക്

കുന്നംകുളം: ആർത്താറ്റ് കാറു ബൈക്കും കൂട്ടിയിടിച്ച് ബൈക്ക് യാത്രക്കാരന് പരുക്കേറ്റു. കുന്നംകുളം തെക്കേപ്പുറം കൂർക്കപറമ്പിൽ അഖിലിനാണ് (18) പരുക്കേറ്റത്. ഗുരുവായൂർ ഭാഗത്തുനിന്ന് കുന്നംകുളം ഭാഗത്തേക്ക് വരികയായിരുന്ന കാറും എതിർ ദിശയിൽ വന്നിരുന്ന ബൈക്കുമാണ് അപകടത്തിൽപ്പെട്ടത്. പരുക്കേറ്റ അഖിലിനെ കുന്നംകുളത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

പുലിക്കളി ധനസഹായം: കൗൺസിൽ യോഗത്തിൽ പ്രതിഷേധം

തൃശൂർ: കഴിഞ്ഞ പുലിക്കളിക്ക് കേന്ദ്ര ടൂറിസം വകുപ്പ് പ്രഖ്യാപിച്ച ധനസഹായം ഒരു വർഷത്തോടടുത്തിട്ടും ലഭ്യമാകാത്തതിൽ പ്രതിഷേധിച്ച് കോർപ്പറേഷൻ കൗൺസിൽ യോഗത്തിൽ ഇടതുപക്ഷ അംഗങ്ങളുടെ വേറിട്ട പ്രതിഷേധം. കൗൺസിൽ യോഗത്തിലേക്ക് പുലിമുഖം ധരിച്ചെത്തിയാണ് എൽഡിഎഫ് കൗൺസിലർമാർ തങ്ങളുടെ ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തിയത്. കേന്ദ്ര ധനസഹായം വൈകുന്നതിനെച്ചൊല്ലി ഭരണ-പ്രതിപക്ഷ കക്ഷികൾ തമ്മിൽ കൗൺസിലിൽ കടുത്ത വാദപ്രതിവാദങ്ങൾ നടന്നു. പുലിക്കളിയിൽ പങ്കെടുത്ത ഓരോ സംഘത്തിനും രണ്ട് ലക്ഷം രൂപ വീതം ധനസഹായം നൽകുമെന്ന് കേന്ദ്രമന്ത്രി സുരേഷ് ഗോപി പ്രഖ്യാപിച്ചിരുന്നു. എന്നാൽ പ്രഖ്യാപനം നടന്ന് മാസങ്ങൾ പലത് കഴിഞ്ഞിട്ടും ഈ ഫണ്ട് ഇതുവരെയും പുലിക്കളി സംഘങ്ങൾക്ക് ലഭിക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കണമെന്ന് എൽഡിഎഫ് കൗൺസിലർമാർ കൗൺസിൽ യോഗത്തിൽ ആവശ്യപ്പെട്ടു.

തൃശൂരിന്റെ സാംസ്കാരിക പൈതൃകത്തെ കേന്ദ്ര സർക്കാർ അവഗണിക്കുകയാണെന്നും അവർ കുറ്റപ്പെടുത്തി. അതേസമയം ഇടതുപക്ഷത്തിന്റെ ആരോപണങ്ങൾക്കെതിരേ ബിജെപി കൗൺസിലർമാരും സഭയിൽ രംഗത്തുവന്നു. കേന്ദ്ര നിർദ്ദേശം പാലിച്ചെന്ന് ബിജെപി കൗൺസിലർമാർ പറഞ്ഞു. എന്നാൽ സാംസ്കാരിക കൂട്ടായ്മകൾക്ക് അർഹതപ്പെട്ട തുക ഉടൻ ലഭ്യമാക്കണമെന്ന ആവശ്യത്തിൽ ഇടതുപക്ഷ കൗൺസിലർമാർ ഉറച്ചുനിന്നതോടെ കൗൺസിൽ യോഗം പ്രക്ഷുബ്ധമായി. മേയർ ഡോ. നിജി ജസ്റ്റിൻ അധ്യക്ഷത വഹിച്ചു.

പുലിക്കളി സംഘങ്ങൾക്കുള്ള കേന്ദ്രസഹായം തടഞ്ഞത് സംസ്ഥാന സർക്കാരിന്റെ അനാസ്ഥ: ബിജെപി

തൃശൂർ: പുലിക്കളി സംഘങ്ങൾക്ക് ലഭിക്കേണ്ടിയിരുന്ന കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ ധനസഹായം തടസപ്പെടാൻ കാരണമായത് സംസ്ഥാന സർക്കാരിന്റെയും ടൂറിസം വകുപ്പിന്റെയും ഗുരുതരമായ വീഴ്ചയാണെന്ന് ബിജെപി തൃശൂർ സിറ്റി ജില്ലാ പ്രസിഡന്റ് ജസ്റ്റിൻ ജേക്കബ് ആരോപിച്ചു.ഇന്ത്യ സർക്കാരിന്റെ ടൂറിസം മന്ത്രാലയം 2025-ലെ പുലിക്കളി നടത്തിപ്പിനായി കേരള സർക്കാർ ആവശ്യപ്പെട്ട 40 ലക്ഷം രൂപയിൽ നിന്ന് എട്ട് പുലിക്കളി സംഘങ്ങൾക്ക് മൂന്ന് ലക്ഷം രൂപ വീതം ആകെ 24 ലക്ഷം രൂപയുടെ ധനസഹായം അനുവദിച്ചിരുന്നു. എന്നാൽ ഈ ധനസഹായം റീഇംബഴ്സ്മെന്റ് അടിസ്ഥാനത്തിലായതിനാൽ കേന്ദ്ര സർക്കാർ മുന്നോട്ടുവെച്ച നിബന്ധനകൾ പാലിക്കേണ്ടതുണ്ട്. ടൂറിസം മന്ത്രാലയത്തിന്റെയും 'ഇൻക്രെഡിബിൾ ഇന്ത്യ'യുടെയും ലോഗോകൾ എല്ലാ പ്രചാരണ സാമഗ്രികളിലും ഉൾപ്പെടുത്തുക, കേന്ദ്രസർക്കാരിന്റെ പിന്തുണ വ്യക്തമാക്കുക,

മന്ത്രാലയത്തിന്റെ പ്രമോഷണൽ വീഡിയോകൾ പ്രദർശിപ്പിക്കുക, പരിപാടിയെക്കുറിച്ചുള്ള വീഡിയോ തയ്യാറാക്കുക, ഉദ്ഘാടന-സമാപന ചടങ്ങുകളിൽ മന്ത്രാലയത്തിന്റെ സഹായം പരാമർശിക്കുക, സോഷ്യൽ മീഡിയ പ്രചാരണങ്ങൾ മന്ത്രാലയവുമായി സഹകരിച്ച് നടത്തുക തുടങ്ങിയ നിർദ്ദേശങ്ങളാണ് കേന്ദ്രം നൽകിയിരുന്നത്. എന്നാൽ ഈ നിബന്ധനകളൊന്നും ഒരു പുലിക്കളി സംഘത്തെയും അറിയിക്കാതെ ജില്ലാ ടൂറിസം വകുപ്പ് അധികൃതർ മറച്ചുവച്ചു.

പുലിക്കളി പൂർത്തിയാക്കി രേഖകൾ സമർപ്പിച്ചതിന് ശേഷമാണ് ഇത്തരം നിബന്ധനകൾ സംഘങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയത്. അന്നത്തെ ജില്ലാ ഭരണകൂടവും ടൂറിസം വകുപ്പ് ഉദ്യോഗസ്ഥരും കേന്ദ്രത്തിൽ നിന്ന് ലഭിച്ച ഔദ്യോഗിക കത്തിലെ നിർദ്ദേശങ്ങൾ കൃത്യമായി നടപ്പിലാക്കുന്നതിൽ പരാജയപ്പെട്ടു. പുലിക്കളി സംഘങ്ങൾക്ക് ലഭിക്കേണ്ടിയിരുന്ന കേന്ദ്രസഹായം നഷ്ടപ്പെടുന്ന സാഹചര്യം സൃഷ്ടിച്ചത് സംസ്ഥാന സർക്കാരിന്റെ പിടിപ്പുകേടും ടൂറിസം വകുപ്പിന്റെ ഉത്തരവാദിത്വമില്ലായ്മയുമാണ്.

കേന്ദ്രമന്ത്രി കൂടിയായ തൃശൂർ എംപി സുരേഷ് ഗോപിയുടെ ഇടപെടലിനെ തുടർന്നാണ് പുലിക്കളി സംഘങ്ങൾക്കായി കേന്ദ്ര ടൂറിസം മന്ത്രാലയത്തിൽ നിന്ന് ഫണ്ട് അനുവദിച്ചത്. അതിന്റെ രാഷ്ട്രീയ നേട്ടം ബിജെപിക്ക് ലഭിക്കാതിരിക്കാനാണ് കേന്ദ്ര സർക്കാർ മുന്നോട്ടുവെച്ച നിബന്ധനകൾ സംഘങ്ങളിൽ നിന്ന് മറച്ചുവച്ചതെന്ന് ജസ്റ്റിൻ ജേക്കബ് ആരോപിച്ചു.സുരേഷ് ഗോപിക്കെതിരേ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ച് അദ്ദേഹത്തെ വേട്ടയാടാനുള്ള ശ്രമമാണ് ഇടതു-വലതു മുന്നണികൾ നടത്തുന്നത്. സ്വന്തം കൈയിൽ നിന്ന് 50,000 രൂപ വീതം ഓരോ പുലിക്കളി സംഘങ്ങൾക്കും നൽകിയത് സുരേഷ് ഗോപിയാണ്. അദ്ദേഹത്തിന്റെ മേൽ കള്ളക്കഥകൾ കെട്ടിച്ചമച്ച് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമങ്ങളെ ബിജെപി ശക്തമായി ചെറുക്കും.

പുലിക്കളി സംഘങ്ങൾക്ക് വാഗ്ദാനം ചെയ്ത സഹായധനം ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയവർ ഉത്തരവാദിത്തം ഏറ്റെടുക്കണമെന്നും വിഷയത്തിൽ സമഗ്രമായ അന്വേഷണം നടത്തി സത്യം ജനങ്ങൾക്ക് മുന്നിൽ കൊണ്ടുവരണമെന്നും ജസ്റ്റിൻ ജേക്കബ് ആവശ്യപ്പെട്ടു.

മറ്റത്തൂരിൽ അവിശ്വാസം വരും നിർദേശം നൽകി ഡിസിസി

തൃശൂർ: മറ്റത്തൂർ പഞ്ചായത്തിൽ ഭരണസമിതിയുടെ കാലാവധി ആറുമാസം പൂർത്തിയായ സാഹചര്യത്തിൽ അവിശ്വാസ പ്രമേയം കൊണ്ടുവരാൻ ബ്ലോക്ക് പ്രസിഡന്റിനും മണ്ഡലം പ്രസിഡന്റിനും നിർദ്ദേശം നൽകിയതായി ഡിസിസി പ്രസിഡന്റ് ജോസഫ് ടാജറ്റ് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

കഴിഞ്ഞ ദിവസങ്ങളിൽ നടന്ന മണ്ഡലം, ബ്ലോക്ക് പ്രസിഡന്റുമാരുടെ യോഗത്തിൽ പരാതി ഉന്നയിച്ച വ്യക്തിക്ക് ഡിസിസി നേതൃത്വത്തിനെതിരേ പരാതികൾ ഉണ്ടെങ്കിൽ പറയേണ്ടത് കെപിസിസിയോടാണ്.

പരാതിയിൽ പറയുന്ന കാര്യങ്ങൾ അദ്ദേഹത്തിന്റെ വ്യക്തിപരമായ അഭിപ്രായമാണെന്നാണ് യോഗം ഏകകണ്ഠമായി അഭിപ്രായപ്പെട്ടത്. അദ്ദേഹം ഉന്നയിച്ച പരാതിയിൽ പറയുന്ന നിയോജക മണ്ഡലത്തിലെ മണ്ഡലം ബ്ലോക്ക് പ്രസിഡന്റുമാർ അദ്ദേഹത്തിന്റെ അഭിപ്രായത്തോട് യോജിച്ചില്ല എന്നതാണ് വസ്തുത.

തെരഞ്ഞെടുപ്പ് കഴിഞ്ഞശേഷം പാർട്ടിക്കെതിരെ അവാസ്തവമായ വസ്തുതകൾ പ്രചരിപ്പിക്കാൻ സംഘടിത നീക്കം നടക്കുന്നുണ്ട്. ജില്ലയിലെ കോൺഗ്രസിന് ഇന്നലെകളിൽ ഉണ്ടായിരുന്ന പ്രതിസന്ധിയെ തരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്.

2024ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ബിജെപിയും 2016ലും 2021 ലും എൽഡിഎഫും ജില്ലയിൽ നേടിയ അപ്രമാദിത്വത്തെ ഇടിച്ചുതാഴ്ത്താൻ ചിട്ടയായ പ്രവർത്തനം കൊണ്ട് സാധിച്ചു. ഇരു മുന്നണികളിൽ നിന്ന് രണ്ടു ലക്ഷം വോട്ടുകൾ കോൺഗ്രസിലേക്ക് എത്തിക്കാൻ കഴിഞ്ഞു. പാകപ്പിഴകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ തിരുത്തുമെന്ന് നേരത്തെ തന്നെ പറഞ്ഞിട്ടുള്ളതാണ്.

ബിജെപി ഉൾപ്പെടെയുള്ള വർഗീയ കക്ഷികളുമായി കൂട്ടുകൂടി കോൺഗ്രസിനെ പൊതുജനമധ്യത്തിൽ അപമാനിക്കുന്നവർക്ക് പാർട്ടിയിൽ ഇടമില്ല. ഡിസിസി ഓഫീസിൽ പ്രതിഷേധം നടത്തിയവർ ബിജെപിയുടെ ഏജന്റുമാരാണ്. അധികാരമില്ലാത്തപ്പോൾ തറവാട്ടിൽ നിന്നിറങ്ങി അധികാരം കിട്ടുമ്പോൾ ഞങ്ങൾ തറവാട്ടിലേക്ക് മടങ്ങിയെത്തി എന്നുപറയുന്നത് ദുരുദ്ദേശപരമാണ്.

അവസരവാദപരമായി കൂടെ വിട്ടു കൂടു മാറുന്നവരെ കോൺഗ്രസിലേക്ക് തിരികെ കയറ്റാൻ ആരും വരേണ്ടതില്ല. തെറ്റ് തിരുത്തി വന്നാൽ ഇരു കൈയും നീട്ടി സ്വീകരിക്കുമെന്നും ജോസഫ് ടാജറ്റ് പറഞ്ഞു.

എൻട്രൻസ് പരിശീലനത്തിന് ധനസഹായം

തൃശൂർ: പ്ലസ് വൺ-പ്ലസ് ടു പഠനത്തോടൊപ്പം എൻട്രൻസ് പരിശീലനത്തിന് വർഷം 10,000 രൂപ വീതം ധനസഹായം. രണ്ട് വർഷത്തെ പരിശീലനത്തിന് ആകെ 20,000 രൂപയോ, അല്ലെങ്കിൽ പരിശീലന സ്ഥാപനത്തിന്റെ ഫീസോ ഇതിൽ ഏതാണോ കുറവ്, അതാണ് ധനസഹായമായി ലഭിക്കുക. കുടുംബ വാർഷിക വരുമാനം 6 ലക്ഷം രൂപയിൽ താഴെയുള്ളവർക്ക് അപേക്ഷിക്കാം.

എസ്എസ്എൽസി പരീക്ഷയിൽ സയൻസ്, ഇംഗ്ലീഷ്, കണക്ക് വിഷയങ്ങളിൽ ബി പ്ലസ് ഗ്രേഡോ അതിനു മുകളിലോ ഉണ്ടായിരിക്കണം. സിബിഎസ്ഇ/ഐസിഎസ്ഇ വിദ്യാർഥികൾക്ക് നിശ്ചിത ഗ്രേഡ് മാനദണ്ഡങ്ങളുണ്ട്. സർക്കാർ എംപാനൽ ചെയ്ത പരിശീലന സ്ഥാപനങ്ങൾ തെരഞ്ഞെടുക്കണം. അപേക്ഷാ ഫോറം അതത് ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി ഓഫിസുകളിൽ നിന്നോ, ജില്ലാ പട്ടികജാതി വികസന ഓഫിസിൽ നിന്നോ ലഭിക്കും. ജാതി-വരുമാന സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റ് പകർപ്പ്, സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രം,ബാങ്ക് പാസ് ബുക്ക്, ആധാർ എന്നിവയുടെ പകർപ്പുകൾ സഹിതം അപേക്ഷ നൽകണം. അവസാന തീയതി: ഓഗ. 25 വൈകിട്ട് 5 മണി.

പോട്ടൂർ മോഡേൺ എച്ച്എസ്എസിലെ എൽപി വിഭാഗം കുട്ടികൾ ശേഖരിച്ച പുസ്തകങ്ങൾ വട്ടംകുളം ഗ്രാമീണ വായനശാലയ്ക്ക് കൈമാറുന്നു

പിഎംശ്രീ പദ്ധതിക്കെതിരേ സിപിഐ പ്രക്ഷോഭം

തൃശൂർ: പിഎം ശ്രീ പദ്ധതിയിൽ നിന്ന് സർക്കാർ പിന്മാറണമെന്ന് ആവശ്യപ്പെട്ട് സിപിഐ തൃശൂർ മണ്ഡലം കമ്മിറ്റി പ്രതിഷേധ സമരം സംഘടിപ്പിച്ചു. തൃശൂർ താലൂക്ക് ഓഫിസിലേക്ക് നടത്തിയ മാർച്ച് ജില്ലാ സെക്രട്ടറി കെ.ജി. ശിവാനന്ദൻ ഉദ്ഘാടനം ചെയ്തു.

തങ്ങൾ അധികാരത്തിലേറിയാൽ ആദ്യം ചെയ്യുന്നത് പിഎം ശ്രീ പദ്ധതി അറബിക്കടലിൽ എറിയുകയായിരിക്കുമെന്ന് പറഞ്ഞ മുസ്ലിം ലീഗിന്റെ പൊതു വിദ്യാഭ്യാസ മന്ത്രി ഇപ്പോൾ മുഖ്യമന്ത്രിയ്ക്കൊപ്പം ചേർന്ന് അതിവേഗം പദ്ധതി നടപ്പിലാക്കാനുള്ള നീക്കത്തിലാണ്. യുഡിഎഫ് സർക്കാർ പദ്ധതിയിൽ നിന്ന് പിന്മാറുന്നതുവരെ ശക്തമായ പോരാട്ടം തുടരുമെന്ന് കെ. ജി. ശിവാനന്ദൻ കൂട്ടിച്ചേർത്തു. മണ്ഡലം അസി. സെക്രട്ടറി ടി. ഗോപിദാസ് അധ്യക്ഷത വഹിച്ചു. മുൻ എംഎൽഎ പി. ബാലചന്ദ്രൻ മുഖ്യ പ്രഭാഷണം നടത്തി. മണ്ഡലം സെക്രട്ടറി അഡ്വ. സുമേഷ് കെ.ബി, സി.ആർ.

തൃശൂർ താലൂക്ക് ഓഫിസിലേക്ക് സിപിഐ നടത്തിയ മാർച്ച് ജില്ലാ സെക്രട്ടറി കെ.ജി. ശിവാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു

റോസിലി, ടി.ആർ. അനിൽകുമാർ, ഐ. സതീഷ് കുമാർ, റോയ് കെ. പോൾ, കെ.എൻ. രഘു, ശാന്ത അപ്പു, ജി.എം. അഖിൽ, ജയമോഹനൻ, അജയഘോഷ്, ഷാജു കുണ്ടോളി, ഇബ്രാഹിം ടി.കെ എന്നിവർ പങ്കെടുത്തു.

കൊടുങ്ങല്ലൂർ: സിപിഐ മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രതിഷേധ പ്രകടനവും യോഗവും നടത്തി. മിനി സിവിൽ സ്റ്റേഷനു മുന്നിൽ നടന്ന യോഗം സിപിഐ മണ്ഡലം സെക്രട്ടറി വി.ആർ. സുനിൽ കുമാർ ഉദ്ഘാടനം ചെയ്തു. ജില്ലാ കൗൺസിൽ അംഗം പി.പി. സുഭാഷ് അധ്യക്ഷത വഹിച്ചു. പി.ബി. ഖയസ്, സുമ ശിവൻ, ടി.ആർ. ജിതിൻ, അഖിൽ കെ. ജോൺസൻ എന്നിവർ പങ്കെടുത്തു. **ഇരിങ്ങാലക്കുട :** സിപിഐ ഇരിങ്ങാലക്കുട ടൗൺ കമ്മിറ്റി വില്ലെജ് ഓഫിസിലേക്ക് നടത്തിയ മാർച്ച് ജില്ലാ എക്സി. അംഗം പി. മണി ഉദ്ഘാടനം ചെയ്തു. മണ്ഡലം സെക്രട്ടറി എൻ.കെ. ഉദയപ്രകാശ് അധ്യക്ഷത വഹിച്ചു. അഡ്വ. പി.ജെ. ജോബി, മിഥുൻ പോട്ടക്കാരൻ, കെ.എസ്. പ്രസാദ്, എ.ജെ. ബേബി, കെ.എസ്. ബൈജു, വി.ആർ. രമേഷ് എന്നിവർ പങ്കെടുത്തു.

ലഹരിക്കെതിരേ വിദ്യാർഥികൾ

തൃശൂർ: ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി തൃശൂർ സിറ്റി പൊലീസും തൃശൂർ ഈസ്റ്റ് പൊലീസ് സ്റ്റേഷനും ചേർന്ന് ഓട്ടോഗ്രാഫ്സ്: എ പ്ലെഡ്ജ് ഇൻ ഇങ്ക് ജനകീയ ലഹരിവിരുദ്ധ ക്യാംപെയ്ൻ സംഘടിപ്പിച്ചു. വിദ്യാർഥികളും അധ്യാപികമാരും വഴിയാത്രക്കാരും വരെ തങ്ങളുടെ കൈകളിൽ വിവിധ വർണങ്ങൾ പൂശി ലഹരിവിരുദ്ധ സന്ദേശം ഉയർത്തിപ്പിടിച്ച് പ്രത്യേകമായി തയ്യാറാക്കിയ കാൻവാസിൽ കൈമുദ്രകൾ പതിപ്പിച്ച് ലഹരിക്കെതിരായ പ്രതിജ്ഞ രേഖപ്പെടുത്തി.

ലഹരിക്കെതിരേയുള്ള വാചകങ്ങളും കുട്ടികൾ ക്യാൻവാസിൽ എഴുതി ചേർത്തു. സിറ്റി പൊലീസ് അസി. കമ്മിഷണർ ശശിധരൻ, സ്പെഷ്യൽ ബ്രാഞ്ച് എസിപി കെ.സി. സേതു, ഈസ്റ്റ് പൊലീസ് സബ് ഇൻസ്പെക്റ്റർമാരായ അനുശ്രുതി, വരുൺ ഇ. ആദർശ്, ജോഷി, ഷിബു, വിദ്യാർഥികൾ, അധ്യാപകർ, പൊതുജനങ്ങൾ, പൊലീസ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

പുസ്തക കൈമാറ്റം സംഘടിപ്പിച്ചു

എടപ്പാൾ: പോട്ടൂർ മോഡേൺ ഹയർ സെക്കൻഡറി സ്കൂളിലെ എൽപി വിഭാഗത്തിലെ കബ് ബുൾബുൾ സ്പെഷ്യൽ യൂണിറ്റ് കുട്ടികളുടെ നേതൃത്വത്തിൽ വായന മാസാചരണത്തോടനുബന്ധിച്ച് സംഘടിപ്പിച്ച പുസ്തക കൈമാറ്റം നടത്തി. കുട്ടികൾ ശേഖരിച്ച പുസ്തകങ്ങൾ വട്ടംകുളം ഗ്രാമീണ വായനശാലയ്ക്ക് കൈമാറി. കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് കബ് ബുൾബുൾ ടീമിന്റെ ആഭിമുഖ്യത്തിൽ നടന്ന പരിപാടി കുട്ടികളിൽ വായനാശീലം വളർത്തുന്നതിനും പുസ്തകങ്ങളുടെ പങ്കിടൽ സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ടായിരുന്നു. സ്കൂൾ പ്രിൻസിപ്പൽ എ.വി. സുഭാഷ്, സെക്രട്ടറി ഹസൻ മൗലവി, മാനെജർ മൊയ്തുണ്ണി, എൽപി വിഭാഗം ഡിപ്പാർട്മെന്റ് ഹെഡ് പ്രിയങ്ക, അധ്യാപകർ, വായനശാല പ്രതിനിധികൾ, വായനശാല കമ്മിറ്റി അംഗങ്ങളായ പി.പി. രാമചന്ദ്രൻ, പി.വി. നാരായണൻ, പി. കുമാരൻ, പി.എൻ. നീലകണ്ഠൻ എന്നിവർ പങ്കെടുത്തു. വായന മാസാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച പരിപാടി കുട്ടികളിൽ സാമൂഹിക പ്രതിബദ്ധതയും വായനയോടുള്ള താത്പര്യവും വളർത്താൻ സഹായകമായി.

വടക്കുന്നാഥ ക്ഷേത്രം കിഴക്കേഗോപുരം സമർപ്പണം നാളെ

തൃശൂർ: വടക്കുന്നാഥ ക്ഷേത്രത്തിൽ നാല് കോടിയിലേറെ രൂപ ചെലവഴിച്ച് പുതുക്കിപ്പണിത കിഴക്കേ ഗോപുരത്തിന്റെ സമർപ്പണം നാളെ രാവിലെ ഒമ്പതിന് നടക്കും.

ടിവിഎസ് ഗ്രൂപ്പിന്റെ സഹകരണത്തോടെ പൂർത്തിയാക്കിയ ഗോപുരത്തിന്റെ സമർപ്പണം മന്ത്രി ഒ.ജെ. ജനീഷ് നിർവഹിക്കുമെന്ന് കൊച്ചിൻ ദേവസ്വം ബോർഡ് പ്രസിഡന്റ് കെ. രവീന്ദ്രൻ വാർത്താസമ്മേളനത്തിൽ അറിയിച്ചു. തന്ത്രി പുലിയന്നൂർ ശങ്കരനാരായണൻ നമ്പൂതിരിപ്പാട്, ജ്യോതിഷി പത്മനാഭ ശർമ, കാണിപ്പയ്യൂർ കൃഷ്ണൻ നമ്പൂതിരിപ്പാട്, ടിവിഎസ് മോട്ടോർ കമ്പനി സിഇഒ കെ.എൻ. രാധാകൃഷ്ണൻ തുടങ്ങിയവർ പങ്കെടുക്കും. 2024 ജൂൺ 21നാണ് ഗോപുരത്തിന്റെ പുനരുദ്ധാരണം ആരംഭിച്ചത്. 1500 ക്യൂബിക് അടി തേക്ക് മരവും 9 ടൺ ചുണ്ണാമ്പ് കല്ലും ഇതിനായി ഉപയോഗിച്ചു. മൂന്ന് നിലകളിലായുള്ള ഗോപുരത്തിന് 47.5 അടി ഉയരവും 8900 ചതുരശ്ര അടി വിസ്തീർണവുമുണ്ട്. കെ.പി. സുധീഷിന്റെ നേതൃത്വത്തിലുള്ള ആറംഗ സംഘം ഒരു വർഷം കൊണ്ടാണ് പൂർത്തിയാക്കിയത്. കൂത്തമ്പലം പുനരുദ്ധരിക്കാനുള്ള അനുമതിക്കായി വീണ്ടും അപേക്ഷ നൽകും. ടിവിഎസ് ഗ്രൂപ്പ് നിർമാണം ഏറ്റെടുക്കാൻ സന്നദ്ധത അറിയിച്ചിട്ടുണ്ടെന്നും കെ. രവീന്ദ്രൻ പറഞ്ഞു. വാർത്താസമ്മേളനത്തിൽ ബോർഡ് അംഗം അഡ്വ. കെ.പി. അജയൻ, സെക്രട്ടറി പി. ബിന്ദു, ഡെപ്യൂട്ടി കമ്മിഷണർ കെ. സുനിൽ കുമാർ എന്നിവരും പങ്കെടുത്തു.

നാലമ്പല തീർഥാടന പാക്കേജിന് 10 കോടി

ഇരിങ്ങാലക്കുട: തൃപ്രയാർ ശ്രീരാമ ക്ഷേത്രം, ഇരിങ്ങാലക്കുട കൂടൽമാണിക്യം ഭരതസ്വാമി ക്ഷേത്രം, തിരുമൂഴിക്കുളം ശ്രീലക്ഷ്മണ പെരുമാൾ ക്ഷേത്രം, പായമ്മൽ ശത്രുഘ്ന ക്ഷേത്രം എന്നിവ ഉൾപ്പെടുത്തി നാലമ്പല തീർഥാടന പാക്കേജിന് ബജറ്റിൽ 10 കോടി രൂപ അനുവദിച്ചതായി മുഖ്യമന്ത്രി വി.ഡി. സതീശൻ നിയമസഭയിൽ അറിയിച്ചു.

ബജറ്റിന്റെ നന്ദിപ്രമേയ ചർച്ചയിൽ അഡ്വ. തോമസ് ഉണ്ണിയാടൻ ആവശ്യപ്പെട്ടതിനെ തുടർന്നാണ് മറുപടി പ്രസംഗത്തിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ നാലമ്പല തീർഥാടന പാക്കേജ് പ്രഖ്യാപിച്ചതും 10 കോടി രൂപ അനുവദിച്ചതും.

കാർ തടഞ്ഞു നിർത്തി 16.25 ലക്ഷം കവർന്ന കേസിലെ മുഖ്യ സൂത്രധാരൻ ബംഗളൂരുവിൽ പിടിയിൽ

അന്തിക്കാട്: കാർ തടഞ്ഞുനിർത്തി 16.25 ലക്ഷം രൂപ കവർന്ന കേസിലെ മുഖ്യ സൂത്രധാരനായ 'കട്ടിങ് നബീൽ' എന്നറിയപ്പെടുന്ന മലപ്പുറം അരീക്കോട് മുതുവലൂർ സ്വദേശി ചത്തകുണ്ടങ്ങൽ വീട്ടിൽ നബീലിനെ (26) ബംഗളൂരുവിൽ നിന്ന് പൊലീസ് പിടികൂടി. കാമുകിയുമൊത്ത് ദുബായിലേക്ക് കടക്കാൻ ശ്രമിക്കുന്നതിനിടെ ജില്ലാ പൊലീസ് മേധാവി മുഹമ്മദ് നദീമുദ്ദീൻ, ഇരിങ്ങാലക്കുട ഡിവൈഎസ്പി എം. സന്തോഷ് കുമാർ എന്നിവരുടെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിൽ യുഎസ് ഡോളർ തരാമെന്നു വിശ്വസിപ്പിച്ച് പാലക്കാട് നിന്ന് നാലുപേരെ വിളിച്ചുവരുത്തി അവർ സഞ്ചരിച്ചിരുന്ന കാറിന്റെ ചില്ല് തല്ലിപ്പൊളിച്ച് കാറിലുള്ളവരെ വെട്ടിപ്പരുക്കേൽപ്പിച്ച് 16.25 ലക്ഷം രൂപയും ഐഫോണും കവർന്ന കേസിലാണ് അറസ്റ്റ്. കേസിലെ മറ്റൊരു പ്രതിയെ ജൂൺ 22ന് പൊലീസ് അറസ്റ്റ് ചെയ്തിരുന്നു.

കവർച്ചയ്ക്ക് ശേഷം ബംഗളൂരുവിലെ ആഡംബര വില്ലയിൽ കാമുകിയുമൊത്ത് കഴിയുകയായിരുന്ന നബീൽ. ഇന്നലെ കാമുകിയുമൊത്ത് ദുബായിലേക്ക് കടക്കാനിരിക്കുകയായിരുന്നു. പൊലീസിനെ കണ്ട് വില്ലയുടെ വാതിൽ തുറന്ന് ഓടി രക്ഷപ്പെടാൻ ശ്രമിച്ച ഇയാളെ ഏറെ ശ്രമകരമായാണ് പൊലീസ് സംഘം കീഴ്പ്പെടുത്തിയത്. സമൂഹ മാധ്യമം വഴി പരസ്യം നൽകി ബിനാൻസ് എക്സ്ചേഞ്ച് വഴി ക്രിപ്റ്റോ ട്രേഡിങ് നടത്തുന്നവരെ കണ്ടെത്തി, ഇന്ത്യൻ രൂപയ്ക്ക് വളരെ കുറഞ്ഞ നിരക്കിൽ യുഎസ് ഡോളറാക്കി തരാമെന്ന് വിശ്വസിപ്പിച്ചാണ് പാലക്കാട് സ്വദേശികളായ ഇടപാടുകാരെ പ്രതികൾ തൃപ്രയാറിലേക്ക് വിളിച്ചു വരുത്തിയത്.തുടർന്ന് സംഘത്തിലെ രണ്ട് പേർ പാലക്കാട്ടു നിന്ന് വന്നവരുടെ കാറിൽ കയറി ഇവരുടെ കൈവശം പണമുണ്ടെന്ന് ഉറപ്പുവരുത്തിയ ശേഷം മറ്റു സംഘാംഗങ്ങളെ വിളിച്ച് വരുത്തി ആക്രമണം നടത്തുകയായിരുന്നു. ജൂൺ 19-ന് രാത്രി 8.45 ഓടെയായിരുന്നു കവർച്ച നടന്നത്. പാലക്കാട് വിളയൂർ സ്വദേശികളായ മുഹമ്മദ് റാഫി (37), മുഹമ്മദ് അസ്ലം (38), അജിത്ത് കുമാർ (38), അബ്ദുൾ മജീദ് (42) എന്നിവർ വെളുത്ത ടാറ്റ പഞ്ച് കാറിൽ 16,25,000 രൂപയുമായി തൃപ്രയാറിലേക്ക് വരികയായിരുന്നു. ദുബായിലുള്ള നബീൽ എന്നയാൾക്ക് ബിനാൻസ് വാലറ്റിലേക്ക് യുഎസ് ഡോളർ ക്രെഡിറ്റ് ചെയ്യുന്നതിന് പകരമായി നാട്ടിൽ കൈമാറാൻ കൊണ്ടുവന്നതായിരുന്നു ഈ തുക. അന്തിക്കാട് പൊലീസ് സ്റ്റേഷൻ എസ്എച്ച്ഒ വി. എം. കേഴ്സൺ, എസ്ഐ എം. അഫ്സൽ, പി. ജയകൃഷ്ണൻ, ജിഎഎസ്ഐമാരായ രാജു, ഷൈൻ, ലിജു ഇയ്യാനി, ഇ.എസ്. ജീവൻ, ജിഎസ്സിപിഒ സോണി സേവ്യർ, സി.കെ. ബിജു, കൃഷ്ണദാസ്, സിപിഒമാരായ കെ.ജെ. ഷിന്റെ, സുർജിത് സാഗർ എന്നിവരും പ്രതിയെ അറസ്റ്റ് ചെയ്ത പ്രത്യേക അന്വേഷണ സംഘത്തിലുണ്ടായിരുന്നു

pnb Housing Finance Limited — രജിസ്റ്റേഡ് ഓഫിസ്: ഒമ്പതാം നില, അന്തരിക്ഷ് ഭവൻ, 22.കെ.ജി. മാർഗ്, ഡൽഹി- 110001 ഫോൺ : 011-23357171, 23357172, 23705414, വെബ്സൈറ്റ് www.pnbhousing.com
കൊച്ചി ശാഖ: ഒന്നാം നില, R P ആർക്കേഡ്, ഗോൾഡ് സൂക്ക് മാളിന് സമീപം, റെയിൽവേ മേൽപാലത്തിന് സമീപം, പൊന്നുരുന്നി, വൈറ്റില, കൊച്ചി - 682019

പൊസഷൻ നോട്ടീസ് (സ്ഥാവര വസ്തുക്കളുടേത്)

സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ് 2002ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റികൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് & റൂൾ 8(1) പ്രകാരം സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002ലെ സെക്ഷൻ 13(13) റൂൾ 3 നൽകുന്ന അധികാരമുപയോഗിച്ച് പിഎൻബി ഹൗസിങ് ഫിനാൻസ് ലിമിറ്റഡിന്റെ താഴെ പ്പെവച്ചിരിക്കുന്ന അംഗീകൃത ഓഫിസർ, ബന്ധപ്പെട്ട വായ്പക്കാരൻ/സഹവായ്പക്കാരൻ എന്നിവർക്ക് ഓരോ അക്കൗണ്ടിനും നേരെ കാണിച്ചിരിക്കുന്ന തുക നോട്ടീസ് (നോട്ടീസുകൾ) തിയതി മുതൽ/ നോട്ടീസ് (നോട്ടീസുകൾ) ലഭിച്ച 60 ദിവസത്തിനകം തിരിച്ചടക്കാൻ ആവശ്യപ്പെട്ട് ഓരോ അക്കൗണ്ടിനും നേരെ കാണിച്ചിരിക്കുന്ന തിയതികളിൽ ഡിമാൻഡ് നോട്ടീസ്/ നോട്ടീസുകൾ ഇഷ്യു ചെയ്തിട്ടുള്ളതാണ്. നിശ്ചിത വായ്പക്കാരൻ/വായ്പക്കാർ തുക തിരിച്ചടക്കുന്നതിൽ പരാജയപ്പെട്ടതിനാൽ താഴെ പ്പെവച്ചിരിക്കുന്ന ഓഫിസർ താഴെ വിവരിച്ചിരിക്കുന്ന പ്രോപ്പർട്ടി/ പ്രോപ്പർട്ടികളുടെ പൊസഷൻ മുകളിൽ പറഞ്ഞിരിക്കുന്ന ആക്റ്റിന്റെ 13(4) (റൂൾ 8 ചേർത്തു വായിക്കുക) സെക്ഷൻ അനുസരിച്ച് ഓരോ അക്കൗണ്ടിനും നേരെ കാണിച്ചിരിക്കുന്ന തിയതികളിൽ ഏറ്റെടുത്തിരിക്കുന്നുവെന്ന് വായ്പക്കാരൻ/ വായ്പക്കാർക്ക് പ്രത്യേകിച്ചും പൊതുജനങ്ങൾക്ക് പൊതുവായും ഇതിനാൽ നോട്ടീസ് നൽകുന്നു. വായ്പക്കാരൻ/വായ്പക്കാർ പ്രത്യേകിച്ചും, പൊതുജനങ്ങൾ പൊതുവായും പ്രസ്തുത പ്രോപ്പർട്ടി/പ്രോപ്പർട്ടികളിൽ ഇടപാടുകൾ നടത്തരുതെന്ന് ഇതിനാൽ മുന്നറിയിപ്പ് നൽകുന്നു. പ്രോപ്പർട്ടി/പ്രോപ്പർട്ടികളിൽ ഏതു തരത്തിലുള്ള ഇടപാടും പിഎൻബി ഹൗസിങ് ഫിനാൻസ് ലിമിറ്റഡിന്റെ കുറ്റം ചുമത്തലിനും വിധേയമാകും; ലോൺ എഗ്രിമെന്റ് പ്രകാരം അതിന്മേലുള്ള തുകയ്ക്കും പലിശയ്ക്കും. കടം വീട്ടി വീണ്ടെടുക്കാൻ ലഭ്യമായ സമയം സംബന്ധിച്ച് ആക്റ്റിന്റെ സെക്ഷൻ 13 സബ് സെക്ഷൻ (8)ലെ വ്യവസ്ഥകളിലേക്ക് വായ്പക്കാരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

S. No	ലോൺ അക്കൗണ്ട് നമ്പർ	വായ്പക്കാരന്റെ/ സഹവായ്പക്കാരന്റെ/ ജാമ്യക്കാരന്റെ പേര്	ഡിമാൻഡ് നോട്ടീസ് തിയതി	കുടിശ്ശിക തുക	പൊസഷൻ തിയതി	വസ്തുവിന്റെ വിശദാംശങ്ങൾ/ ജാമ്യമായി നൽകിയിരിക്കുന്നത്
1	HOU/TCR/ 0323/ 1094583	ശ്രീ. ശ്രീകാന്ത് .സി എച്ച് & ശ്രീമതി. നിമിഷ .കെ. എച്ച്	06/03/ 2026	Rs. 41,24,617 /- (നാൽപ്പത്തിയൊന്ന് ലക്ഷത്തി ഇരുപത്തിനാലായിരത്തി അറുനൂറ്റി പതിനേഴു രൂപ മാത്രം) 06.03.2026 വരെ	19-06-2026 (പ്രതീകാത്മക പൊസഷൻ)	സർവെ നമ്പർ 341/4-6-3 ൽ 1.21 ആഴ്സ് വരുന്ന വസ്തുവും കെട്ടിടവും അതിലെ മറ്റ് വസ്തു വകകളും എല്ലാം ഉൾപ്പടെ തൃശൂർ താലൂക്ക്, കണിമംഗലം വില്ലേജ്, കുറുക്കഞ്ചേരി, തൃശൂർ, കേരളം-680007, ടൈറ്റിൽ ഡീഡ് പ്രകാരം അതിരുകൾ: കിഴക്ക്: 3 മീറ്റർ റോഡ്, വടക്ക്: അസനുൽ ബെന്നയുടെ വസ്തു, തെക്ക്: 4 മീറ്റർ റോഡ്, പടിഞ്ഞാറ്: ചിറ്റിലപ്പിള്ളി ജോണി ജോബിയുടെ വസ്തു

തിയതി: 20.06.2026, സ്ഥലം: തൃശൂർ — ഒപ്പ്/- അംഗീകൃത ഓഫിസർ, പിഎൻബി ഹൗസിങ് ഫിനാൻസ് ലിമിറ്റഡ്

ACRE MAKING ASSETS WORK
അസറ്റ്സ് കെയർ & റികൺസ്ട്രക്ഷൻ എന്റർപ്രൈസ് ലിമിറ്റഡ്.
രജിസ്റ്റർ ചെയ്ത ഓഫീസ്: 14-ാം നില, ഇറോസ് കോർപ്പറേറ്റ് ടവർ, നെഹ്റു പ്ലേസ്, ന്യൂഡൽഹി-110019
ഫോൺ: 91-11-43115600 ഫാക്സ്: 91-11-43115618, കോർപ്പറേറ്റ് ഓഫീസ്: യൂണിറ്റ് നമ്പർ: 502, സി വിംഗ്, വൺ ബികെസി, റേഡിയസ് ഡെവലപ്പേഴ്സ്, പ്ലോട്ട് നമ്പർ: സി-66, ജി-ബ്ലോക്ക്, ബാന്ദ്ര കുർള കോംപ്ലക്സ്, മുംബൈ – 400051 ഫോൺ: 022 68643101
ഇ-മെയിൽ: acre.arc@acreindia.in വെബ്സൈറ്റ്: www.acreindia.in CIN: U65993DL2002PLC115769

അനുബന്ധം IV-A - സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള വിൽപ്പന അറിയിപ്പ്

2002 ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റികൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ ആസ്റ്റസ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ് 2002 പ്രകാരം സ്ഥാവര ആസ്തികൾ വിൽക്കുന്നതിനുള്ള ഇ-ലേല വിൽപ്പന നോട്ടീസ്, 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) നിയമങ്ങളിലെ റൂൾ 8(6) & 9(1) ന്റെ വ്യവസ്ഥകൾക്കൊപ്പം വായിക്കണം. അസൈനർ ബാങ്കിനോ/ഒറിജിനൽ ലെൻഡറിനോ പണയം വച്ചതോ ചാർജ് ചെയ്തതോ ആയതും, അസൈനർ ബാങ്കിന്റെയോ/ഒറിജിനൽ ലെൻഡറിനോ അസൈൻ ചെയ്യുന്നതിന് മുമ്പ് അസൈനർ ബാങ്കിന്റെയോ/ഒറിജിനൽ ലെൻഡറിനോ ഭൌതികമായി കൈവശം വച്ചിരുന്നതുമായ താഴെ വിവരിച്ചിരിക്കുന്ന സ്ഥാവര വസ്തുക്കൾ, പിന്നീട് അസറ്റ്സ് കെയർ & റികൺസ്ട്രക്ഷൻ എന്റർപ്രൈസ് ലിമിറ്റഡിന് ("സെക്യൂർഡ് ക്രെഡിറ്റർ") നൽകിയിട്ടുണ്ടെന്ന് പൊതുജനങ്ങൾക്ക്, പ്രത്യേകിച്ച് വായ്പക്കാർ , സഹ-വായ്പക്കാർ, മോർട്ട്ഗേജർമാർ, ഗ്യാരന്റർമാർ എന്നിവർക്ക് ഇതിനാൽ അറിയിപ്പ് നൽകുന്നു. [CIN: U65993DL2002PLC115769] ("സെക്യേർഡ് ക്രെഡിറ്റർ") അതനുസരിച്ച്, സെക്യൂർഡ് ക്രെഡിറ്റർ ഇപ്പോൾ 'എവിടെയാണോ അങ്ങനെ തന്നെ', 'എന്താണോ അങ്ങനെ തന്നെ', 'എന്താണോ അങ്ങനെ തന്നെ' എന്നീ അടിസ്ഥാനത്തിൽ പ്രസ്തുത വസ്തുവകകളുടെ വിൽപ്പന നടത്തും. വായ്പക്കാർ , സഹ-വായ്പക്കാർ, മോർട്ട്ഗേജർമാർ, ഗ്യാരന്റർമാർ എന്നിവരിൽ നിന്ന് സെക്യേർഡ് ക്രെഡിറ്ററിന് നൽകേണ്ട തുകകൾ തിരിച്ചുപിടിക്കുന്നതിന്, റിസർവ് വിലയും ഓരോ വസ്തുവിനും താഴെ സൂചിപ്പിച്ചിരിക്കുന്ന ഏണസ്റ്റ് മണി ഡെപ്പോസിറ്റും സഹിതം:

സെക്യേർഡ് അസറ്റിന്റെ വിശദാംശങ്ങൾ

Sr. No.	ലോൺ അക്കൗണ്ട് നമ്പർ / ട്രസ്റ്റിന്റെ പേര് / വായ്പക്കാരുടെ / സഹ വായ്പക്കാരുടെ / മോർട്ട്ഗേജറുടെ / ഗ്യാരന്റർമാരുടെ പേര്	മൊത്തം കുടിശ്ശികത്തുക	റിസർവ് പ്രൈസ് (രൂപയിൽ)	ഏണസ്റ്റ് മണി ഡെപ്പോസിറ്റ് (രൂപയിൽ)	ഡിമാൻഡ് ഡ്രാഫ്റ്റ്/ ആർടിജിഎസ്/എൻഇഎഫ്ടി വഴി ഇഎംഡി അടയ്ക്കുന്നതിനുള്ള ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ
1	Bajaj Housing Finance Ltd./436THLEB191406, 436HML73935445, 436GVHEE408678 & 436THL73948660/ ACRE 178 TRUST 1) കേശവകുമാർ പി 2) മായ ഇ / 3) പി രാജാമണി	Rs. 1,19,13,567.99/- (ഒരു കോടി പത്തൊമ്പത് ലക്ഷത്തി പതിമൂവായിരത്തി അഞ്ഞൂറ്റി അറുപത്തിയേഴ് രൂപ തൊണ്ണൂറ്റി മ്പത് പൈസ മാത്രം) 23-06-2026 ലെ കണക്കനുസരിച്ച് 24-06-2026 മുതൽ ബാധകമായ പലിശയും മറ്റ് ചാർജുകളും സഹിതം പണമടയ്ക്കലും തിരിച്ചടവും തിയതി വരെ	70,00,000/-	7,00,000/-	Account Name: ACRE-178-TRUST Account Number: 0901102000042617 Bank: IDBI Bank IFSC Code: IBKL0000901

സെക്യേർഡ് അസറ്റിന്റെ വിവരങ്ങൾ: സർവെ നമ്പർ. 499/2 ൽ 7.69 ആഴ്സ് (19 സെന്റ്) വരുന്ന വസ്തുവും അതിലെ എല്ലാ അവകാശങ്ങളും അനുബന്ധത്തോടൊപ്പം തൊട്ടിപ്പാൾ വില്ലേജ്, മുകുന്ദപുരം താലൂക്ക് തൃശൂർ ജില്ല., വസ്തുവിന്റെ അതിരുകൾ (ലൊക്കേഷൻ സർട്ടിഫിക്കറ്റ് 23/5/2017 പ്രകാരം): കിഴക്ക്: സതിശന്റെ വസ്തു, വടക്ക്: പഞ്ചായത്ത് റോഡ്, പടിഞ്ഞാറ്: ശാന്തമ്മ തുടങ്ങിയവരുടെ വസ്തു, തെക്ക്: വിഭാകര മേനോന്റെ വസ്തു.

മുകളിൽ പറഞ്ഞിരിക്കുന്ന ലോൺ അക്കൗണ്ടുകൾ, മുകളിൽ പറഞ്ഞിരിക്കുന്ന സ്ഥാവര വസ്തുക്കൾ ഉൾപ്പെടെയുള്ള എല്ലാ അവകാശങ്ങളും, ഉടമസ്ഥാവകാശങ്ങളും, പലിശയും, അടിസ്ഥാന സെക്യൂരിറ്റികളും, പണയങ്ങളും, ഗ്യാരണ്ടികളും എന്നിവയുൾപ്പെടെ, മുകളിൽ നൽകിയിരിക്കുന്ന കോളത്തിൽ വ്യക്തമായി പരാമർശിച്ചിരിക്കുന്ന വിവിധ ട്രസ്റ്റുകളുടെ ട്രസ്റ്റിയായി പ്രവർത്തിക്കുന്ന അസറ്റ്സ് കെയർ & റികൺസ്ട്രക്ഷൻ എന്റർപ്രൈസ് ലിമിറ്റഡിന് നൽകിയിരുന്നു.

ലേല പ്രക്രിയയെക്കുറിച്ചുള്ള പ്രധാന വിവരങ്ങൾ

1	ഇഎംഡി സമർപ്പിക്കേണ്ട അവസാന തിയതി	28-07-2026 on or before 4:00 pm
2	ബിഡ് സമർപ്പിക്കാനുള്ള സ്ഥലം: അസറ്റ്സ് കെയർ ആൻഡ് റികൺസ്ട്രക്ഷൻ എന്റർപ്രൈസ് ലിമിറ്റഡ്. യൂണിറ്റ് നമ്പർ : 502, സി വിംഗ്, വൺ ബികെസി, റേഡിയസ് ഡെവലപ്പേഴ്സ്, പ്ലോട്ട് നമ്പർ : സി-66, ജി-ബ്ലോക്ക്, ബാന്ദ്ര കുർള കോംപ്ലക്സ്, മുംബൈ – 400051 ഫോൺ: 022 68643101. അല്ലെങ്കിൽ ഞങ്ങൾക്ക് ഇമെയിൽ അയയ്ക്കുക: Rohan.Sawant@acreindia.in	
3	ലേല തിയതിയും സമയവും	29-07-2026 from 02:30 pm to 03:30 pm
4	ലേല സ്ഥലം (ലേലത്തിനായുള്ള വെബ്സൈറ്റ്) -	https://bankeauctions.com
5	ബന്ധപ്പെടാനുള്ള വിശദാംശങ്ങൾ	ടോൾ ഫ്രീ നമ്പർ: 1800-209-2989
6	വസ്തുവിന്റെ പരിശോധന തിയതിയും സമയവും	മുൻകൂർ നിയമനത്തിന്റെ അടിസ്ഥാനത്തിൽ
7	വിൽപ്പനയുടെ വിശദമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും, ദയവായി www.acreindia.in .in / https://bankeauctions.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക.	

തിയതി: 23.06.2026
സ്ഥലം: കേരളം
ഒപ്പ്/- അംഗീകൃത ഓഫീസർ, അസറ്റ്സ് കെയർ & റികൺസ്ട്രക്ഷൻ എന്റർപ്രൈസ് ലിമിറ്റഡ്.

Edited, Printed and Published by Prasanth Narayanan on behalf of M/s.Vaartha News Network Pvt.Ltd., V. Reji Kumar (Executive Editor), Vol 19, Issue No. 170 RNI No. KERMAL/2009/31362, Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Suncity Complex, IInd Floor, Room No. 14/488/30, P.O. Koorkanchery, Thrissur- 680007, Ph: 0487 2444489. Email: tcrbureau@metrovaartha.com